(ബി) ചേർത്തല-തിരുവനന്തപുരം ദേശീയപാത നാലുവരിപാതയാക്കാനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുണ്ടോ;

(സി) നാലുവരി പാതയാക്കാനുള്ള പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായമെത്രയാണ്;

(ഡി) സംസ്ഥാനത്തുള്ള എല്ലാ ദേശീയപാതകളും നാലുവരി പാതയാക്കി മാറ്റാനുള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ദേശീയ പാതകളെല്ലാം നാലുവരിപാതയായി ഉയർത്തിക്കഴിഞ്ഞാൽ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ പദ്ധതി നിർദ്ദേശം ഉപേക്ഷിക്കുമോ?

*ഉത്തരം*

(എ) താഴെപ്പറയുന്ന ദേശീയപാതകൾ നാലുവരിപാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എൻ.എച്ച്. 47 ചേർത്തല-തിരുവനന്തപുരം, എൻ.എച്ച്. 17 ഇടപ്പള്ളി-കോഴിക്കോട്-മംഗലാപുരം.

(ബി) ഉണ്ട്.

(സി) എൻ.എച്ച്. 47-ഉം (ചേർത്തല-തിരുവനന്തപുരം), എൻ.എച്ച്. 17-ഉം (ഇടപ്പള്ളി-കോഴിക്കോട്-മംഗലാപുരം) നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ 2950 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഐ.ആർ.സി. നിഷ്ക്കർഷിച്ചിട്ടുള്ളതനുസരിച്ച് നാലുവരിപാതയ്ക്ക് പി.സി.യു. 35,000 യൂണിറ്റ് ആവശ്യമാണ്. മറ്റു ദേശീയ പാതകളിൽ ചില സ്ഥലങ്ങളിൽ മാത്രമാണ് ടി പി.സി.യു. നിലവിലുള്ളത്. ട്രാഫിക് വർദ്ധനയ്ക്കനുസരിച്ച് ട്രാഫിക് സർവ്വെ നടത്തി പൂർണ്ണമായും പി.സി.യു. 35,000-ന് മുകളിൽ വരികയാണെങ്കിൽ നാലു വരിപാതയാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) എക്സ്പ്രസ് ഹൈവേയുടെ പ്രയോജനവും നാഷണൽ ഹൈവേയുടെ പ്രയോജനവും വിഭിന്നമാണ്.

**സ്റ്റേറ്റ് ഹൈവേ 38-ൽ പുതിയ ബൈപ്പാസ്**

40 [3021] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഹൈവേ 38-ൽപ്പെട്ട പുതിയങ്ങാടി, ഉള്ളിയേരി റോഡിൽ എരഞ്ഞിക്കലിൽ പുതിയ ബൈപ്പാസ് പണിതതിനെ തുടർന്ന് കോഴിക്കോട്ടേക്കുള്ള വാഹനങ്ങൾ പഴയ റോഡിലൂടെയാണ് പോകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബസാറിലെ ഒരു കൽവർട്ട് തകർന്നിട്ടുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പുതുക്കി പണിയാനോ സൈഡ്കെട്ടി സുരക്ഷിതമാക്കാനോ ആവശ്യമായ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽവർട്ട് പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ടി.പി. പ്രകാരമുള്ള റോഡ് വികസനം**

41 [3023] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കി.മീ. റോഡാണ് വികസിപ്പിക്കേണ്ടത്;

(ബി) അതിൽ എത്ര കി.മീ. റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടത്തി;

(സി) സ്ഥലമെടുപ്പ് നടത്തിയ ഇടങ്ങളിൽ നിശ്ചിത തീയതിക്കുമുമ്പ് റോഡുവികസനം പൂർത്തിയാകുമോ;

(ഡി) കെ.എസ്.ടി.പി. പദ്ധതി പ്രകാരം റോഡു വികസനം പൂർത്തിയാകുമ്പോൾ ആയിനത്തിൽ സംസ്ഥാനത്തിന് എന്ത് തുകയ്ക്കുള്ള ബാദ്ധ്യത വന്നുചേരുമെന്നറിയിക്കാമോ?

*ഉത്തരം*

(എ) ഏകദേശം 600 കി. മീറ്റർ റോഡാണ് വികസിപ്പിക്കേണ്ടത്.

(ബി) 278 കി. മീറ്റർ റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തു.

(സി) നിശ്ചിത തീയതിക്കുമുമ്പ് പൂർത്തിയാകത്തക്കവിധത്തിൽ പണികൾ പുരോഗമിച്ചുവരുന്നു.

(ഡി) കൃത്യമായി പറയുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly